©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 ജനുവരി 09
09th January 2026
1201 ധനു 25
25th Dhanu 1201
1947 പൌഷം 19
19th Pousha 1947

നമ്പർ
No.
114

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി)നം.138/2025/ഹെൽത്ത് തിരുവന്തപുരം,2025 ഡിസംബർ 30

എസ്. ആർ. ഒ. നമ്പർ 35/2026

2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ (2023-ലെ 28-ാം ആക്ട്) 75-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, പ്രസ്തുത ആക്ടിലെ 60-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, തങ്ങളുടെ അധികാരപരിധിയിലുള്ള ഏതെങ്കിലും പ്രദേശത്തെയോ ഏതെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹിക ഒത്തുകൂടലുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ ഉത്സവ മേഖലയായി, ഒരു ഉത്തരവുവഴി അതിൽ പറയുന്ന കാലയളവിലേക്ക് പ്രഖ്യാപിക്കുന്നതിനും, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ജില്ലാ കളക്ടർമാരെ ഇതിനാൽ അധികാരപ്പെടുത്തുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ IAS,

അഡിഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, പക്ഷേ അതിന്റെ പൊതു ഉദ്ദേശ്യം ഉദ്ദേശിച്ചുള്ളതാണ്)

2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെയോ സർക്കാർ പൊതുവായോ പ്രത്യേകിച്ചോ അധികാരപ്പെടുത്തിയ പ്രകാരം മറ്റ് അധികാരസ്ഥാനങ്ങൾക്ക് ഉത്തരവു വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെയോ ഏതെങ്കിലും സാമൂഹിക ഒത്തുകൂടലുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ ഉത്സവ മേഖലയായി അതിൽപ്പറയുന്ന കാലയളവിലേക്ക് പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനും അധികാരമുണ്ട്.

പ്രസ്തുത ആക്ടിലെ 75-ാം വകുപ്പ് പ്രകാരം, വിജ്ഞാപനം വഴി, അതിൽ വ്യക്തമാക്കിയേക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയമായി, നിയമം നൽകുന്ന ഒന്നോ അതിലധികമോ അധികാരങ്ങൾ വിനിയോഗിക്കാൻ ഏതൊരു വ്യക്തിയെയും അധികാരപ്പെടുത്താനും അതുപോലെ തന്നെ അത്തരം അധികാരം പിൻവലിക്കാനും സർക്കാരിന് കഴിയുന്നതാണ്. ആയതിനാൽ പ്രസ്തുത ആക്ടിന്റെ 60-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അധികാരം സംസ്ഥാനത്തെ ജില്ലാ കളക്ടർമാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.09 09:04:59 +05:30